**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായമായി സംസ്ഥാനത്ത് എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ കാലയളവിൽ തുടക്കമിട്ടതെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച 5 കോടി രൂപയുടെ 141 സ്കൂളുകളും 3 കോടി രൂപയുടെ 385 സ്കൂളുകളും 1 കോടി രൂപയുടെ 446 സ്കൂളുകൾക്കുമായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ 259 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 713 സ്കൂളുകൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. |
| (ബി) | ഇതിനായി ഓരോ ജില്ലയിലുമായി എത്ര തുകയുടെ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടു എന്നും ആയതിൽ ധനകാര്യ അനുമതി എത്ര തുകയ്ക്ക് നാളിതുവരെ ലഭ്യമായി എന്നും ഉദ്യോഗസ്ഥ വീഴ്ച മൂലം ധനകാര്യ അനുമതി ലഭ്യമാകാത്തത് എത്ര തുകയുടെ എന്നും വ്യക്തമാക്കുമോ; | (ബി) | ധനാനുമതി സംബന്ധിച്ച വിശദാംശങ്ങൾ,ഓരോ ജില്ലയിലും പൂർത്തികരിച്ച സ്കൂളുകളുടെ എണ്ണം എന്നിവ അനുബന്ധമായി ഉൾപെടുത്തിയിട്ടുണ്ട്. ചില സ്കൂളുകൾക്കായി സമർപ്പിക്കപെട്ട പദ്ധതികളുടെ എസ്റ്റിമേറ്റിലുള്ള കുറവുകൾ കാരണവും മറ്റ് അടിസ്ഥാന പ്രശ്നങ്ങൾ കാരണവുമാണ് കിഫ്ബി ഇതുവരെയും അത്തരം പദ്ധതികൾക്ക് ധനാനുമതി നൽകാത്തത്. ആയത് പരിഹരിക്കുന്ന മുറയ്ക്ക് ഫണ്ടിംഗിനായി പരിഗണിക്കുന്നതാണ് . |
| (സി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുവാനായി ധനകാര്യ അനുമതിയ്ക്കായി കുറ്റമറ്റ രീതിയിൽ അപേക്ഷകൾ സ്വീകരിയ്ക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിർദ്ദിഷ്ട ഗുണനിലവാരത്തോടെ പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് നടത്തി വരുന്നത്. ഇതിനായി ബന്ധപെട്ട ഭരണ വകുപ്പിന്റേയും, നിർദ്ദിഷ്ട എസ്.പി.വി കളുടേയും ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും യോഗങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure 1

| Category | Total AS Amount (in Cr) | Total FS amount (in Cr) | Total Schools | Total Completed Schools |
|---|---|---|---|---|
| 5 Cr | 874.33 | 682.63 | 141 | 114 |
| 3 Cr | 1304.13 | 984.25 | 385 | 124 |
| 1 Cr | 600 | 442.37 | 446 | 21 |
| Total | 2778.46 | 2109.25 | 972 | 259 |

<u>Annexure 2</u>

| SI NO | DISTRICT | Completed Schools |
|---|---|---|
| 1 | Thiruvanthapuram | 29 |
| 2 | Kollam | 23 |
| 3 | Pathanamthitta | 8 |
| 4 | Alapuzha | 13 |
| 5 | Kottayam | 8 |
| 6 | Idukki | 7 |
| 7 | Ernakulam | 20 |
| 8 | Thrissur | 20 |
| 9 | Palakkad | 14 |
| 10 | Malappuram | 47 |
| 11 | Kozhikode | 23 |
| 12 | Kannur | 24 |
| 13 | Wayanad | 10 |
| 14 | Kasargod | 13 |
| | Total | 259 |